**Kudumbashree**
*State Poverty Eradication Mission*
Local Self Govt. Department, Govt. of Kerala

5183- D-2016-KSHO 21..07..2016

## സർക്കുലർ

വിഷയം: കുടുംബശ്രീ – ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ സ്റ്റേറ്റ് (ODF) ടോയിലറ്റ് നിർമ്മാണം – നിർമ്മാണ യൂണിറ്റുകൾ – തെരഞ്ഞെടുക്കുന്നത് – സംബന്ധിച്ച്

സൂചന: 2016 ജൂലൈ 15–ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ വച്ച് കൂടിയ യോഗ തീരുമാനം

സംസ്ഥാന സർക്കാർ മുഴുവൻ ജില്ലകളിലും സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി ടോയിലറ്റ് സൗകര്യമില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ടോയിലറ്റ് നിർമ്മിച്ചു നൽകുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ സ്റ്റേറ്റ് (ODF) പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്. ഗ്രാമ പ്രദേശത്തെ എല്ലാവർക്കും സമ്പൂർണ ടോയിലറ്റ് എന്ന ആശയം 2016 നവംബർ 1–ന് പ്രഖ്യാപിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിൽ നേതൃത്വം നൽകുന്നത് ശുചിത്വ മിഷനാണ്. ടോയിലറ്റ് നിർമ്മിക്കുന്നതിന് ആവശ്യമായ നിർമ്മാണ തൊഴിലാളികളെ (മേഴ്സൺ) ലഭ്യമാക്കുവാൻ സൂചന പ്രകാരം കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരോ ജില്ലയിൽ നിന്നും ആദ്യ ഘട്ടത്തിൽ കുറഞ്ഞത് 100 വനിതകളെ ഗ്രാമ സിഡിഎസ്സുകളിൽ നിന്നും 300 വനിതകളെ നഗര സിഡിഎസ്സുകളിൽ നിന്നും തെരഞ്ഞെടുത്ത്, പരിശീലനം നൽകി സംരംഭ ഗ്രൂപ്പാക്കി പ്രവർത്തനക്ഷമമാക്കുന്നതിനാണ് ലക്ഷ്യമിടുന്നു.

**തെരഞ്ഞെടുപ്പ് മാനദണ്ഡം**

- 25 പേർ അടങ്ങുന്ന ഓരോ ബാച്ചുകളായാണ് പരിശീലനം നടത്താൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ, 25 പേർ ഒന്നിച്ചുചേരാൻ പറ്റുന്ന തരത്തിൽ അടുത്തടുത്ത സിഡിഎസ്സുകളിൽ നിന്നോ ബ്ലോക്കുകളിൽ നിന്നോ ആളുകളെ കണ്ടെത്തുന്നത് ഉചിതമായിരിക്കും.
- ഓരോ ബ്ലോക്കിൽ നിന്നും കുറഞ്ഞത് 3 പേർ എങ്കിലും തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം.
- നിലവിൽ ODF ആയി പ്രഖ്യാപ്പിക്കാത്ത പഞ്ചായത്തിൽ നിന്നുള്ള ആളുകൾക്ക് തെരഞ്ഞടുപ്പിൽ മുൻഗണന നൽകേണ്ടതാണ്.
- 25–നും 45–നും വയസ്സിനിടയിൽ പ്രായമുള്ള ആരോഗ്യവതികളായ സ്ത്രീകളെ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്.
- തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെട്ട് പ്രവർത്തന പരിചയമുള്ള സ്ത്രീകൾക്ക് മുൻഗണന നൽകേണ്ടതാണ്.
- ഒരു മാസത്തെ റെസിഡൻഷ്യൽ പരിശീലനം ആണ് ഇവർക്ക് ആദ്യ ഘട്ടത്തിൽ നൽകുന്നത്. പ്രസ്തുത പരിശീലനത്തിൽ മുഴുവൻ

സമയവും പങ്കെടുക്കാൻ സന്നദ്ധതയുള്ളവരെയാണ് തെരഞ്ഞെടുക്കേണ്ടത്.

**തെരഞ്ഞടുപ്പ് രീതി**

സിഡിഎസ്സിൽ നിന്നും ലഭ്യമാകുന്ന പ്രാഥമിക ലിസ്റ്റ് പ്രകാരം വ്യക്തികളുടെ പ്രത്യേക യോഗം ജില്ല ബ്ലോക്ക് ലെവൽ സ്പെഷ്യൽ ജിഒറ്റിയായി നടത്തണം. ഒഡിഎഫ് പദ്ധതിയെക്കുറിച്ചും തുടർന്ന് വനിതാ നിർമ്മാണ ഗ്രൂപ്പായി മാറ്റുന്നതിനെക്കുറിച്ചിട്ടുള്ള അവബോധം പ്രസ്തുത സ്പെഷ്യൽ ജിഒറ്റിയിൽ വച്ച് നൽകുകയും വേണം. അതിൽ നിന്നും വേണം താല്പര്യമുള്ള 100 വനിതകളെ കണ്ടെത്തേണ്ടത്.

**പരിശീലനം**

- ആദ്യഘട്ട പരിശീലനം ODF പദ്ധതി പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ടോയിലറ്റുകൾ നിർമ്മിക്കുന്നതിനായിരിക്കും
- രണ്ടാം ഘട്ടത്തിൽ അംഗനവാടി കെട്ടിടങ്ങൾ വീടുകൾ, റോഡുകൾ തുടങ്ങിയവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രത്യേക മേഖലകളിലെ വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.
- പരിശീലനം ലഭിച്ച മുഴുവൻ ആളുകളെയും ഉൾപ്പെടുത്തി ഒരു നിർമ്മാണ ഗ്രൂപ്പ് രൂപീകരിക്കാനും തുടർന്ന് ഇവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കമ്മ്യൂണിറ്റി കോൺട്രാറ്റിംഗ് ഗ്രൂപ്പുകളാക്കി മാറ്റുന്നതിനും ഉദ്ദേശിക്കുന്നു.
- ഓരോ ജില്ലയിലും പരിശീലനം നൽകുന്ന ഏജൻസികളുടെ വിശദാംശങ്ങൾ സംസ്ഥാന മിഷനിൽ നിന്നും അറിയിക്കുന്നതാണ്.
- പ്രസ്തുത പരിശീലനം സമാന്തരമായി 25 പേർ അടങ്ങുന്ന 4 ഗ്രൂപ്പുകളായിട്ടായിരിക്കും സംഘടിപ്പിക്കുക. ഇതിനുള്ള സൗകര്യം ജില്ലാ തലത്തിൽ കണ്ടെത്തി അത് സംസ്ഥാന മിഷനെ അറിയിക്കേണ്ടതാണ്. തുടർനടപടികൾ സംബന്ധിച്ച് സംസ്ഥാന മിഷനിൽ നിന്നും കൃത്യമായി അറിയിപ്പുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- 2016 ആഗസ്റ്റ് 1- തീയതിയോടു കൂടി പ്രസ്തുത ഒന്നാം ഘട്ട പരിശീലനം ജില്ലാ തലത്തിൽ ആരംഭിക്കേണ്ടതാണ്.
- പരിശീലനത്തിന് ശേഷം സെപ്റ്റംബർ / ഒക്ടോബർ മാസത്തിൽ നിർമ്മാണ പ്രവർത്തികൾക്കായി ചുമതലപ്പെടുത്തേണ്ടതും ഒക്ടോബർ 30-നകം എല്ലാ ജില്ലയിലേയും ടോയിലറ്റ് നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. പ്രവർത്തനങ്ങളുടെ പുരോഗതി എല്ലാ ആഴ്ചയിലെയും അവസാന പ്രവൃത്തി ദിവസത്തിനു മുമ്പ് സംസ്ഥാന മിഷനെ രേഖാമൂലം അറിയിക്കേണ്ടതാണ്.
- സിഡിഎസ്സിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള ബ്ലോക്ക് ലെവൽ സ്പെഷ്യൽ ജിഒറ്റി തീയതി, പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം, ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ എന്നിവ കുടുംബശ്രീ സംസ്ഥാന മിഷനിലെ odfkudumbashree@gmail.com എന്ന ഇ-മെയിലിൽ സമർപ്പിക്കേണ്ടതാണ്
- ജില്ലയിൽ , ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റേയും പ്രവർത്തനങ്ങൾ ലക്ഷ്യം കാണുന്നതിനുള്ള തുടർനടപടികളുടെയും ചുമതല ജില്ലാ തലത്തിൽ ഡിഎംസി ആയിരിക്കുന്നതാണ്.

മേൽ പ്രവർത്തനങ്ങളുടെ ജില്ലാ, തല ചുമതല ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | ജില്ല |
|---|---|---|---|
| 1. | ശ്രീമതി എൻ.കെ. ജയ | ഡയറക്ടർ (എ & എഫ്) | കൊല്ലം |
| 2. | ശ്രീ. ബിനു ഫ്രാൻസിസ്സ് | പ്രോഗ്രാം ഓഫീസർ, (അർബൻ, സംഘടന(i/c)) | മുഴുവൻ നഗര പ്രദേശങ്ങൾ |
| 3. | ശ്രീ. അജിത്ത് ചാക്കോ | ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (എൽ) | തിരുവനന്തപുരം |
| 4. | ശ്രീമതി പ്രിയാപോൾ | സ്റ്റേറ്റ് മാനേജർ (എൻയുഎൽഎം) | ഇടുക്കി, കോട്ടയം |
| 5. | ശ്രീമതി. ജിജി | സ്റ്റേറ്റ് മാനേജർ (സോഷ്യൽ സെക്യൂരിറ്റി) | പത്തനംതിട്ട, ആലപ്പുഴ |
| 6. | ശ്രീമതി സോയാ തോമസ്സ് | പ്രോഗ്രാം മാനേജർ (ജെന്റർ & ബാലസഭ) | എറണാകുളം, തൃശൂർ |
| 7. | ഡോ. രാഹുൽ | തീമാറ്റിക്ക് ആങ്കർ, | പാലക്കാട്, മലപ്പുറം |
| 8. | ശ്രീ. ബിബിന്ദ് വാസു | പ്രോഗ്രാം മാനേജർ (കോസ്റ്റൽ പ്രോഗ്രാം) | കോഴിക്കോട്, വയനാട് |
| 9. | ശ്രീ. ബിജേഷ് | കൺസൾട്ടന്റ് (ട്രെയിനിംഗ്) | കണ്ണൂർ, കാസർഗോഡ് |

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
3. അക്കൗണ്ട്സ് ഓഫീസർ
4. എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എയ്ക്ക്

പകർപ്പ്

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. കരുതൽ/അധികം

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (സംഘടന)(i/c))